"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി. ഗീതാകുമാരി. എസ്, സ്വീപ്പർ കം ഓഫീസ് അസിസ്റ്റന്റ് ഫയൽ ചെയ്ത W.P (C).23807/2025(A) നമ്പർ കേസിലെ 15.07.2025-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.50/2026/LSGD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. 09/08/2020-ലെ സ.ഉ (സാധാ).നം.1479/2020/തസ്വഭവ
2. 22/04/2021-ലെ സ.ഉ (സാധാ) നം.930/2021/തസ്വഭവ
3. ശ്രീമതി.ഗീതാകുമാരി ഫയൽ ചെയ്ത W.P.(C).23807/2025(A)-മേൽ 15/07/2025-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19/11/2025 -ലെ 470/E1/KSHO/2025 നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന മിഷനിൽ പാർട്ട് ടൈം സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ **31/05/2025** വരെ ജോലി ചെയ്തിരുന്ന ശ്രീമതി.ഗീതാകുമാരി.എസ് എന്നവർ തനിക്ക് **01.11.2012** മുതൽ **29.04.2021** വരെയുള്ള ശമ്പളപരിഷ്കരണങ്ങളുടെ ശമ്പളകുടിശ്ശിക അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **W.P.(C) NO. 23807/2025(A)**-ലെ പരാമർശം **(3)** ഇടക്കാല ഉത്തരവിൽ **Exhibit P8** നിവേദനത്തിൽ പറയുന്ന ആവശ്യങ്ങൾ സംബന്ധിച്ച് പരാതിക്കാരിയെ നേരിൽ കേട്ട് രണ്ട് മാസത്തിനകം പരാതിയിൽ തീർപ്പ് കൽപ്പിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

**2.** ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയെയും കുടുംബശ്രീയുടെ പ്രതിനിധികളെയും **15/10/2025**-ന് നേരിൽ കേൾക്കുകയുണ്ടായി.

**3.** ഹിയറിംഗ് വേളയിൽ പരാതിക്കാരി **Exhibit P8** നിവേദനത്തിൽ പറയുന്ന ആവശ്യങ്ങൾ തന്നെ ആവർത്തിക്കുകയും, തനിക്ക് **01.11.2012** മുതൽ **29.04.2021** വരെയുള്ള ശമ്പളപരിഷ്കരണത്തിൽ നിന്നുള്ള ശമ്പള കുടിശ്ശിക അനുവദിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

**4.** കുടുംബശ്രീ "മിഷൻ സ്വഭാവത്തിൽ" പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നതിനാൽ മിഷന്റെ നിയമനരീതികൾ സർക്കാർ വകുപ്പുകളുടെ നിയമനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. ശ്രീമതി.ഗീതാകുമാരിയെ, ടിയാളുടെ ദയനീയാവസ്ഥ പരിഗണിച്ചാണ് സ്വീപ്പർ കം ഓഫീസ് അസിസ്റ്റൻറ് തസ്തികയിൽ നിയമിച്ചിട്ടുള്ളതെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം **(6)**

പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ടി തസ്തിക നാളിതുവരെ സൃഷ്ടിക്കാത്തതും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. ശ്രീമതി.ഗീതാകുമാരി സർക്കാർ ജീവനക്കാരി അല്ലാത്തതിനാൽ ഇ.പി.എഫ് സ്കീമിൽ ടിയാളെ ഉൾപ്പെടുത്തിയിരുന്നതായും 31/05/2025- ന് 58 വയസ്സിൽ സർവ്വീസിൽ നിന്നും വിടുതൽ ചെയ്തതിനാൽ ടിയാൾക്ക് ഇ.പി.എഫ്. സ്കീം പ്രകാരം ലഭ്യമാകുന്ന പെൻഷൻ അനുവദിച്ചിട്ടുള്ളതായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുള്ളതാണ്. കുടുംബശ്രീ മിഷനിൽ നിലവിലില്ലാതിരുന്ന തസ്തികയിൽ ശ്രീമതി ഗീതാകുമാരിയുടെ ജീവിതസാഹചര്യം പരിഗണിച്ച് ഒരു പ്രത്യേക കേസായാണ് സർക്കാർ അനുവദിച്ചു നൽകിയത് എന്നതിനാൽ മുൻകാല പ്രാബല്യം അനുവദിച്ചു നൽകിയിരുന്നില്ല. സർക്കാർ സർവ്വീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും കുടുംബശ്രീ മിഷനിൽ താൽക്കാലികമായി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സർക്കാർ അനുവദിച്ചിട്ടില്ലാത്തതാണ്.

5. കുടുംബശ്രീ സംസ്ഥാന മിഷനിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ താത്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി.ഗീതാകുമാരി.എസ് എന്നവർക്ക് ഒമ്പതാം ശമ്പളപരിഷ്ക്കരണം അനുവദിച്ച പരാമർശം (1) ഉത്തരവിൽ ടിയാൾക്ക് മുൻകാലപ്രാബല്യത്തോടെ വേതനകുടിശ്ശിക അനുവദനീയമല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടിയാൾക്ക് പത്താം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ പരാമർശം (2) പ്രകാരം അനുവദിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ശ്രീമതി.ഗീതാകുമാരിയുടെ ശമ്പളം 16,500-35,500/ ശമ്പള സ്കെയിലിൽ 16,500 രൂപ അടിസ്ഥാന ശമ്പളമായി നിശ്ചയിച്ച്, ശമ്പള കുടിശ്ശികയില്ലാതെ 01.07.2014 മുതൽ പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് അർബൻ പോവർട്ടി അല്ലീവിയേഷൻ സെല്ലിൽ താൽക്കാലിക അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിക്കപ്പെട്ട ശ്രീമതി.ഗീതാകുമാരി.എസ്. എന്നവരെ യു.പി.എ. സെൽ നിറുത്തലാക്കിയതിനു ശേഷം മാനുഷിക പരിഗണനയിൽ കുടുംബശ്രീ മിഷനിൽ തുടരാനനുവദിക്കുകയായിരുന്നെന്നും ടിയാളുടെ ദയനീയാവസ്ഥ പരിഗണിച്ച് സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ് എന്ന തസ്തികയിൽ പരാമർശം (1), (2) ഉത്തരവുകളിലെ നിബന്ധനകൾക്കു വിധേയമായി സ്ഥിരപ്പെടുത്തുകയായിരുന്നുവെന്നും ടി തസ്തിക നാളിതുവരെ സൃഷ്ടിക്കാത്തതും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതുമാണ് എന്നും പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വ്യക്തമായ പ്രാബല്യതീയതി നിശ്ചയിച്ച് നിലവിലുള്ള തസ്തികകളിൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റെഗുലറൈസ് ചെയ്യപ്പെട്ട പി.ടി.എസ്.മാർക്ക് അനുവദിച്ച ശമ്പളകുടിശ്ശിക ശ്രീമതി.ഗീതാകുമാരിക്ക് അനുവദിക്കാൻ നിർവാഹമില്ലാത്തതാണ്. ആകയാൽ,

കുടുംബശ്രീ സംസ്ഥാന മിഷനിൽ പാർട്ട് ടൈം സ്വീപ്പർ-കം-ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ **31/05/2025** വരെ ജോലി ചെയ്തിരുന്ന ശ്രീമതി.ഗീതാകുമാരി.എസ് എന്നവരുടെ **01.11.2012** മുതൽ **29.04.2021** വരെയുള്ള ശമ്പളപരിഷ്കരണത്തിൽ നിന്നുള്ള ശമ്പള കുടിശ്ശിക അനുവദിക്കണമെന്ന ആവശ്യം നിരസിച്ചും അപ്രകാരം ബഹു.ഹൈക്കോടതിയുടെ പരാമർശം **(3)** പ്രകാരമുള്ള ഇടക്കാല ഉത്തരവ് നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി.ഗീതാകുമാരി.എസ് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/226/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 06-01-2026 15:28:10

സെക്ഷൻ ഓഫീസർ